(ഡി) 65-ാം വകുപ്പുപ്രകാരമുള്ള അന്വേഷണത്തിന് നിയമാനുസൃതമായ അപേക്ഷ ലഭിച്ചിട്ടില്ല. പൊതുവായി ആരോപണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പരാതിയാണ് ലഭിച്ചിട്ടുള്ളത്. പരാതിയിൻമേൽ അന്വേഷണം നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 65-ാം വകുപ്പുപ്രകാരം അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടെന്ന് കാണുകയാണെങ്കിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) അത്തരം ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അർഹരായവർക്ക് അംഗത്വം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗത്വം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ ഭരണസമിതിക്കെതിരെ സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറി

82 [1407] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറി ലിമിറ്റഡ് നമ്പർ 4398 രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത് എന്നാണ്; ഈ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിലെ ഭരണസമിതി അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഈ സഹകരണ സ്ഥാപനം പാലായ്ക്ക് അടുത്ത് വലവൂരിൽ ടയർ ഫാക്ടറി സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സഹകരണസംഘത്തിലേക്ക് കേരളത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങൾ ഫാക്ടറിക്കുവേണ്ടി മൂലധന നിക്ഷേപങ്ങൾ നൽകിയിട്ടുണ്ട്;

(ഇ) ടയർ ഫാക്ടറിക്കായി എത്ര ഏക്കർ സ്ഥലം വാങ്ങിച്ചു;

(എഫ്) ഈ സംഘത്തിന്റെ എത്ര വാർഷിക പൊതുയോഗങ്ങൾ നടന്നിട്ടുണ്ട്;

(ജി) പ്രസ്തുത സ്ഥാപനത്തെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ:

GPM. 2/567/2012—14

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ സംഘം ഇന്ത്യയ്ക്ക് അകത്തും പുറത്തും ടയർ കമ്പനിക്കു വേണ്ടി പിരിവ് നടത്തുകയും ആളുകളെ കബളിപ്പിക്കുകയും ചെയ്തതായി പരാതി ലഭിക്കുകയോ പത്രവാർത്തകളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോ;

(ഐ) എങ്കിൽ ഇതിൻമേൽ ഗവൺമെന്റോ സഹകരണവകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജെ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറി ലിമിറ്റഡ് നമ്പർ 4398 എന്ന സ്ഥാപനത്തെക്കുറിച്ചോ സഹകരണസംഘവുമായി രജിസ്റ്റർ ചെയ്തിട്ടുള്ള പാലാഴി എന്ന സ്ഥാപനത്തെക്കുറിച്ചോ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 24-1-1995-ൽ രജിസ്റ്റർ ചെയ്യപ്പെട്ട ടി സംഘം 2-6-1996-ൽ പ്രവർത്തനം ആരംഭിച്ചു.

ഉദ്ദേശ്യലക്ഷ്യങ്ങൾ:

1. റബ്ബർ അധിഷ്ഠിത ഇൻഡസ്ട്രിയൽ യൂണിറ്റുകളും ഫാക്ടറികളും ആരംഭിച്ച് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുക.

2. വ്യവസായസ്ഥാപനങ്ങൾക്കും പ്രത്യേകിച്ചും വാഹന നിർമ്മാണ വ്യവസായങ്ങൾക്കും ആവശ്യമായ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക.

3. ടയറും മറ്റ് റബ്ബർ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനും അവ വിൽക്കുന്നതിനും കമ്പനി രൂപീകരിക്കുക.

4. മേൽ ലക്ഷ്യങ്ങൾ നേടുന്നതിലേക്ക് റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

5. സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിലേക്കായി വിദേശ ഏജൻസികളുമായി സാങ്കേതികവും സാമ്പത്തികവുമായ ഇടപാടുകൾ നടത്തുക.

6. സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുകയും ഇറക്കുമതി ചെയ്യുകയും ചെയ്യുക.

7. സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ സ്ഥാവര ജംഗമവസ്തുക്കൾ വാങ്ങുകയും വാടകയ്ക്ക് എടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

8. അംഗങ്ങളിൽനിന്നും അല്ലാത്തവരിൽ നിന്നും സഹകരണസംഘങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും കേന്ദ്ര-സംസ്ഥാന സർക്കാരിൽനിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഓഹരി ബോണ്ട്, ഡിബഞ്ചേഴ്സ് വായ്പ എന്നിവയിലൂടെ ഫണ്ട് രൂപീകരിക്കുക.

(ബി)

1.	അഡ്വ. കെ. എം. മാണി	ചെയർമാൻ
2.	ശ്രീ. കെ. ആർ. അരവിന്ദാക്ഷൻ	വൈസ് ചെയർമാൻ
3.	അഡ്വ. ജോയി എബ്രഹാം	മാനേജിംഗ് ഡയറക്ടർ
4.	അഡ്വ. പി. കെ. നാരായണപണിക്കർ	ഡയറക്ടർ
5.	ശ്രീ. കെ. ജെ. ഫിലിപ്പ്	ഡയറക്ടർ
6.	ശ്രീ. പി. റ്റി. ജോസ്	ഡയറക്ടർ
7.	പ്രൊഫ. കെ. ഐ. ആന്റണി	ഡയറക്ടർ
8.	അഡ്വ. ജി. രാമൻനായർ	ഡയറക്ടർ
9.	ശ്രീ. പി. ജെ. ജോൺ	ഡയറക്ടർ
10.	ശ്രീ. പി. എസ്. ആന്റണി	ഡയറക്ടർ
11.	ശ്രീ. ഷാജു പി. അരുണൻ	ഡയറക്ടർ
12.	അഡ്വ. എം. ഒ. പത്രോസ്	ഡയറക്ടർ
13.	ചെയർമാൻ, റബ്ബർബോർഡ്	ഡയറക്ടർ
14.	സഹകരണ സംഘം രജിസ്ട്രാർ	ഡയറക്ടർ

(സി) ഇല്ല.

(ഡി) പ്രസ്തുത സംഘത്തിൽ കേരളത്തിലെ 90 സഹകരണ സംഘങ്ങൾ ഓഹരി എടുത്തിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സഹകരണ ബാങ്കും കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും ഓഹരി മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്. (സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് †).

(ഇ) 4398-ാം നമ്പർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറിയുടെ പേരിൽ 30.16 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 4 വാർഷിക പൊതുയോഗങ്ങൾ നടത്തിയിട്ടുണ്ട്.

(ജി) 12-11-1996-ൽ വലവൂർ കാഞ്ഞിരംപാറയിൽ ശ്രീ. കെ. പി. ജോസഫ് തുടങ്ങി 11-ഓളം അംഗങ്ങൾ ചേർന്ന് എഗ്രിമെന്റ് പ്രകാരം തങ്ങളുടെ സ്ഥലം കൂടി ന്യായമായ വിലയ്ക്ക് ഫാക്ടറിക്കാരെക്കൊണ്ട് എടുപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ സംബന്ധിച്ച് അന്വേഷിച്ചതിൽ സ്ഥലം ഉടമകളിൽ നിന്നും സമ്മതപത്രം എഴുതിവാങ്ങിയതിന്റെ യാതൊരു രേഖയും സംഘത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്ന് സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടയർ ഫാക്ടറിക്കുവേണ്ടി വസ്തു വാങ്ങിയതിൽ അഴിമതിയും ക്രമക്കേടും ഉണ്ടെന്നും പാലാഴി ടയേഴ്സ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടത് നിയമവിരുദ്ധമാണെന്നും കാണിച്ച് പരാതി ലഭിച്ചിരുന്നു. പരാതിയിൻമേൽ ജോയിന്റ് രജിസ്ട്രാർ, കോട്ടയം അന്വേഷണം നടത്തി 31-12-1999-ൽ റിപ്പോർട്ട് നൽകിയിരുന്നു. വസ്തു വാങ്ങിയതിൽ ക്രമക്കേടുകൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കീഴ്ത്തടിയൂർ സർവ്വീസ് സഹകരണ ബാങ്ക് 4398-ാം നമ്പർ സഹകരണ ടയർ ഫാക്ടറിയിൽ ഓഹരിയായി നിക്ഷേപിച്ച 10,00,000 രൂപ തിരികെ നൽകാത്തതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ. പി. നം. (4475/00) ഫയൽ ചെയ്യുകയും ടി ഒ. പി. യുടെ വിധിയിൽ ടി വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാർ 2 മാസത്തിനകം തീർപ്പു കൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 10 ലക്ഷം രൂപ 10 തുല്യ തവണകളായി തിരികെ നൽകണമെന്ന നിർദ്ദേശത്തോടെ 1-7-2000-ൽ സഹകരണസംഘം രജിസ്ട്രാർ ഇക്കാര്യം തീർപ്പാക്കിയിരുന്നു. അതിനെതിരെ കീഴ്ത്തടിയൂർ സർവ്വീസ് സഹകരണ ബാങ്ക് സർക്കാരിൽ അപ്പീൽ പെറ്റീഷൻ നൽകിയിരുന്നു. പരാതിക്കാരായ കീഴ്ത്തടിയൂർ ബാങ്കിന്റെ ഷെയർ തിരികെ നൽകുന്നതിനുള്ള വിഷയം ടയർ ഫാക്ടറിയുടെ നിയമാവലിയുടെ നിബന്ധനപ്രകാരം അടുത്ത ജനറൽ ബോഡിയിൽ ഉന്നയിച്ച് അനുമതി വാങ്ങുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 10-12-2003-ൽ ടി അപ്പീൽ പെറ്റീഷൻ തീർപ്പാക്കി.

ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

83 [1408] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ നിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly